**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1525** **08-12-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർക്ക് സീറ്റ് വിട്ട് നൽകണം എന്ന നിബന്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂലി ക്രീയേറ്റഡ് സ്കൂൾ വിഭാഗത്തിൽപ്പെടുന്ന എയ്ഡഡ് സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർക്ക് പോസ്റ്റ് വിട്ട് നൽകണം എന്ന നിബന്ധനയുള്ളതിനാൽ, സംരക്ഷിത അദ്ധ്യാപകർ ജോയിൻ ചെയ്തതിന് ശേഷം മാത്രമേ പുതിയ നിയമനങ്ങൾ അംഗീകരിക്കുകയുള്ളൂ എന്ന ഉത്തരവിന്മേൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളം വിദ്യാഭ്യാസ ചട്ടം അധ്യായം XXI ചട്ടം 7(5) പ്രകാരം ന്യൂലി ക്രീയേറ്റഡ് സ്കൂൾ വിഭാഗത്തിൽപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിത അധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ മറ്റ നിയമനങ്ങൾക്ക് അംഗീ കാരം നൽകുന്നതിന് വ്യവസ്ഥയുള്ളൂ. ഈ വ്യവസ്ഥയ്ക്ക് താത്കാലികമായി ഇളവ് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | സംരക്ഷിത അദ്ധ്യാപകർക്ക് വേണ്ടി അപേക്ഷ നൽകിയിട്ട് എവിടെയും സംരക്ഷിത അദ്ധ്യാപകർ ഇല്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം മൂലം അദ്ധ്യാപകർക്ക് നിയമനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ചില തസ്തികകളിൽ സംരക്ഷിത അധ്യാപകർ ഇല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സംരക്ഷിത അധ്യാപകർ ലഭ്യമല്ലാത്ത തസ്തികകളിൽ അതാതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ അനുമതിയോടെ അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ വ്യവസ്ഥയുണ്ട് . |

സെക്ഷൻ ഓഫീസർ